# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1761** **16/06/2014-ൽ മറുപടിയ്ക്ക്**

## കയ്പമംഗലം പഞ്ചായത്തിൽ മത്സ്യഗ്രാമപദ്ധതി

| ചോദ്യം<br>ശ്രീ. വി. എസ്. സുനിൽകുമാർ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യഗ്രാമം പദ്ധതി പ്രകാരം കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; | (എ) കയ്പമംഗലം മത്സ്യഗ്രാമത്തിൽ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി 2011-12-ൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഭവന നിർമ്മാണത്തിനായി 79 പേർക്ക് ധനസഹായമായി യൂണിറ്റൊന്നിന് 2.50 ലക്ഷം രൂപ നിരക്കിൽ 19750000 രൂപ ധനസഹായം നൽകുകയുണ്ടായി. കൂടാതെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി തന്നെ 2012-13 -ൽ കയ്പമംഗലം മത്സ്യഗ്രാമത്തിന് 65 സാനിറ്റേഷൻ യൂണിറ്റുകൾ അനുവദിച്ചിരുന്നു. ഇതിലേക്കായി യൂണിറ്റൊന്നിന് 20000 രൂപ നിരക്കിൽ 10 പേർക്ക് മൊത്തം ധനസഹായവും 20 പേർക്ക് ഒന്നാം ഗഡുവും ഉൾപ്പെടെ 400000 രൂപ ധനസഹായവും നൽകിയിട്ടുണ്ട്.<br><br>നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനഫണ്ടുപയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 103.70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 75.00 ലക്ഷം രൂപയുടെ ഫിഷ് ലാന്റിംഗ് സെന്റർ, 182.00 ലക്ഷം രൂപയുടെ കയ്പമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണം, 7.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) കുടിവെള്ള പദ്ധതി : വർക്ക് ടെൻഡർ ചെയ്തു.<br><br>ഫിഷ് ലാന്റിംഗ് സെന്റർ : ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br><br>കയ്പമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണം : വർക്ക് ആരംഭിച്ചു.<br><br>ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ : ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (സി) പുതിയ പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**